# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4015

21-10-2016 ൽ മറുപടിയ്ക്ക്

### അതിവേഗ യാത്രാബോട്ട് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.തോമസ് :<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. അനിൽ അക്കര : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തുറമുഖ വകുപ്പ് അതിവേഗയാത്രാ ബോട്ട് സർവ്വീസ് നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തീരദേശ കപ്പൽ സർവ്വീസിന്റെ ഭാഗമായി വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിൽ അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടം കൊച്ചി-കോഴിക്കോട് മേഖലയിലാണ് ആരംഭിക്കുന്നത്. പദ്ധതി നടത്തിപ്പിനായി M/s. Safe Boat pvt. Ltd, Kochi എന്ന സ്വകാര്യ സംരംഭകരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട്-കണ്ണൂർ എന്നീ മേഖലകളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്താൻ ഉദ്ദേശിച്ചുള്ള പദ്ധതി പ്രാവർത്തികമാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. |
| (ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) M/s. Safe Boat pvt. Ltd, Kochi എന്ന സ്വകാര്യ സംരംഭകരുമായി ചേർന്നും കൊച്ചിൻ തുറമുഖ ട്രസ്റ്റുമായി ചേർന്നുമാണ് തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നത്. |
| (സി) പ്രസ്തുത ബോട്ട് സർവ്വീസിനുള്ള സവിശേഷതകൾ എന്തൊക്കെയാണ് ; വിവരിക്കുമോ ; | (സി) മേല്പറഞ്ഞ സർവ്വീസ് നടത്തുന്നതിനാവശ്യമായ റഷ്യൻ നിർമ്മിതമായ രണ്ട് കപ്പലുകൾ ഗ്രീസിൽ നിന്നും ഇറക്കുമതി ചെയ്തിട്ടുണ്ട്. 130 പേർക്ക് യാത്ര |

ചെയ്യാവുന്ന ഈ കപ്പൽ പൂർണ്ണമായും Air Condition ചെയ്തതും അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഉള്ളതുമാണ്. തീരത്തു നിന്ന് 12 നോട്ടിക്കൽ മൈലിനുള്ളിൽ 30 നോട്ടിക്കൽ മൈൽ വേഗത്തിൽ സഞ്ചരിക്കാവുന്ന ഈ അതിവേഗ യാത്രാകപ്പലിൽ ആധുനിക വിനോദ സൗകര്യങ്ങളും ഏർപ്പെടുത്തി യിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ബോട്ട് സർവ്വീസിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നത് ? | (ഡി) | നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗ പ്പെടുത്തിക്കൊണ്ടാവും സർവ്വീസ് ആരംഭിക്കുന്നത്. കൊച്ചിൻ തുറമുഖത്തെ അടിസ്ഥാന സൗകര്യങ്ങൾ തുറമുഖ ട്രസ്റ്റ് ഒരുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**